LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞങ്ങൾ ഇത് കുറേക്കാലമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. മുസ്ലീങ്ങൾ, പ്രത്യേകിച്ച് മലബാറിലെ മുസ്ലീങ്ങൾ വിദ്യാഭ്യാസപരമായി പിന്നോക്കമായത് രാജ്യസ്നേഹത്തിന്റെ ആധിക്യം കൊണ്ടാണ്, അതിന്റെ പാരമ്യതയിലെത്തിയതുകൊണ്ടാണ്. ബ്രിട്ടീഷുകാരന്റെ വിദ്യാഭ്യാസം വേണ്ട, നമ്മുടെ മഹാത്മജി സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി വിദേശ സാധനങ്ങൾ ബഹിഷ്ക്കരിക്കുക, വിദേശ വസ്തുക്കൾ ബഹിഷ്ക്കരിക്കുകയെന്നു പറഞ്ഞപ്പോൾ ബ്രിട്ടീഷുകാരന്റെ വിദ്യാഭ്യാസവും ബഹിഷ്ക്കരിച്ചു. ഞങ്ങളുടെ മുൻതലമുറയുടെ ചിന്ത എന്തായിരുന്നുവെന്ന് പറഞ്ഞാൽ ബ്രിട്ടീഷുകാരനുമായി ബന്ധമുള്ള ഒന്നുമായി ബന്ധം വേണ്ട. അതുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് ഞങ്ങൾ പിന്നോക്കം നിൽക്കുന്നത്. ഇത് ചരിത്രപരമായ കാരണങ്ങളാലാണ്. ഒരു ബില്ലുകൂടി അവതരിപ്പിക്കാനുള്ളതുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിച്ച് ചർച്ച തുടരാനുള്ള സൗകര്യം തരണമെന്ന് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ : യെസ്....അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്.

(iii) 2007-ലെ കേരള ഉൾനാടൻ ജല-ജലവിഭവ സംരക്ഷണ ബിൽ

(തുടർ ചർച്ച)

ശ്രീ. എം. മുരളി : സർ, ഇത് ഉൾനാടൻ ജല-ജലവിഭവ സംരക്ഷണ ബില്ലിന്റെ തുടർ ചർച്ചയാണ്. നേരത്തെ അവതരിപ്പിച്ച് ഒരു ചർച്ച നടന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെയില്ല. ജലവിഭവ വകുപ്പുമന്ത്രി ഇല്ലെങ്കിൽപ്പോലും....

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ഇവിടെയുണ്ട്.

ശ്രീ. എം. മുരളി : സർ, നേരത്തെ പറഞ്ഞപ്പോൾ അന്ന് ജലവിഭവ വകുപ്പു മന്ത്രിയുമുണ്ടായിരുന്നു. അന്ന് അദ്ദേഹം പറഞ്ഞത് ഇത്തരമൊരു നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു എന്നാണ്. ഒരു ബിൽ സർക്കുലേറ്റ് ചെയ്തിട്ടുമുണ്ട്. പക്ഷേ അത് നമ്മുടെ സഭയുടെ മുന്നിൽ വന്നിട്ടില്ല. എന്റെ ഈ സ്വകാര്യ ബിൽ വന്നതിനുശേഷം അന്നുപറഞ്ഞ വാക്കുപാലിച്ചുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ അത് നിയമസഭയിൽ വന്നിട്ടില്ല. തീരദേശം ഉൾപ്പെടെയുള്ള നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കാൻ നിരവധി കേന്ദ്രനിയമങ്ങളും സംസ്ഥാന നിയമ ങ്ങളുമുണ്ട്. ഒരുപക്ഷേ ഹിമാചൽ പ്രദേശിനേക്കാൾ കൂടുതൽ പ്രകൃതിസുന്ദരമായ ഉൾനാടൻ ജലാശയങ്ങളും ജലസമ്പത്തും ജലവിഭവങ്ങളും ഉള്ള കേരളത്തിൽ അവയെ സംരക്ഷിക്കാൻ നമുക്കൊരു നിയമനിർമ്മാണമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെ നിയമപരമായ നിയന്ത്രണമേർപ്പെടുത്താനുള്ള ഒരു സംവിധാനവുമില്ലാത്തതുകൊണ്ട് നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത് പ്രകൃതിദത്തവും അതിവിപുലവും അതിവിശാലവും അതുല്യവുമായ നമ്മുടെ ഉൾനാടൻ ജലസമ്പത്താണ്. ജീവോത്പാദനത്തിൽ മികച്ചുനിൽക്കുന്ന നിസ്തുലമായ

ഉഷ്ണമേഖല ജലപരിസ്ഥിതി വ്യൂഹമായ ഈ ഉൾനാടൻ സമ്പത്ത് പാരിസ്ഥിതികമായ ആസൂത്രണ വൈകല്യം നിമിത്തം അനുദിനം നഷ്ട്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ടാണെങ്കിലും നമ്മുടെ മറ്റ് ഏജൻസികളെക്കൊണ്ടാണെങ്കിലും ഇത് സംരക്ഷിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഒരു അതോറിറ്റിയുണ്ടെങ്കിൽ മാത്രമേ നടക്കുകയുള്ളു. പോഷകവാഹിനികളായ നമ്മുടെ നദികൾ മരിക്കുന്നുവെന്നാണ് പറയുന്നത്. കേരളത്തിലെ നദികൾ എല്ലാം മരിക്കുകയല്ലേ? അങ്ങ് ഭാരതപ്പുഴയുടെ സന്തതിയല്ലേ? അപ്പോൾ ഭാരതപ്പുഴ, നിള നശിക്കുന്നുവെന്നുള്ള വിലാപത്തിൽ അങ്ങും പങ്കാളിയാണ്. സാമൂഹിക-സാംസ്ക്കാരിക പ്രവർത്തകരുടേയും നമ്മുടെ പൊതുപ്രവർത്തകരുടേയും ഒരു വിലാപമല്ലേ നിളയുടെ മരണത്തെക്കുറിച്ച്.....

ശ്രീ. ജി. കാർത്തികേയൻ : സർ, പറഞ്ഞുപറഞ്ഞ് പുഴയോരങ്ങൾ നശിക്കുന്നതിൽ അങ്ങും പങ്കാളിയാണെന്ന് പറഞ്ഞു, നമ്മളെല്ലാവരും. എന്റെ ചോദ്യം പുഴയോരങ്ങളിലും കായലോരങ്ങളിലും ഇന്ന് ഡെവലപ്പ് ചെയ്യുന്ന ഒരു കൾച്ചറെന്നുപറയുന്നത് റിസോർട്ട് കൾച്ചറാണ്. അവിടെയൊക്കെ താമസിക്കുന്ന പാവപ്പെട്ട ആളുകൾ മാത്രമാണ് ഇതെല്ലാം നശിപ്പിക്കുന്നത് എന്നുള്ള ധാരണ ശരിയല്ല. ചെറുതും വലുതുമായ റിസോർട്ടുകളുടെ വലിയ നിരതന്നെ പ്രധാനപ്പെട്ട കായലോരങ്ങളിലും പുഴയോരങ്ങളിലുമുണ്ട്. അവിടെനിന്നും വരുന്ന വേസ്റ്റുകളും അവിടെത്തന്നെ നിക്ഷേപിക്കുകയാണ്. ഒരാൾ കായലിന്റെ മുമ്പിൽ 50 സെന്റ് വാങ്ങിക്കഴിഞ്ഞാൽ, മുമ്പിലുള്ള കായലെല്ലാം അവർക്ക് സ്വന്തം എന്നുള്ള മട്ടിലാണ് പ്രവർത്തിക്കുന്നത്. ആ ഒരു ട്രെന്റാണ് വളർന്നുവരുന്നത്. ഇതിനൊക്കെ ഇങ്ങനെ അനധികൃതമായി സർക്കാർ അനുമതി കൊടുക്കുന്നുണ്ടോയെന്ന് അറിയില്ല. ഇപ്പോൾ ഈ റിസോർട്ട് സംസ്കാരം വളർന്നുവരികയാണ്. പഴയ വാചകത്തിൽ ഇതിനെ ഹോട്ടലെന്നുപറയും. അതൊക്കെ മാറി. റിസോർട്ട് എന്ന നല്ല പേരുമിട്ട് പുഴയോരങ്ങളേയും കായലോരങ്ങളേയും ഈ സംസ്കാരം നശിപ്പിച്ചുകൊണ്ടു വരുന്നു. അതിലൂടെ മത്സ്യസമ്പത്തിനും വലിയ ദൃഷ്യം വരുന്നു. അക്കാര്യം ബഹുമാനപ്പെട്ട മുരളി ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. എം. മുരളി : സർ, നിശ്ചയമായും. പോഷക വാഹിനികളായ നദികൾ, കായലുകൾ, തോടുകൾ, കുളങ്ങൾ, കേരളത്തിന്റെ മാത്രമായ കുളങ്ങൾ, പാടശേഖരങ്ങൾ, ചതുപ്പ്, കണ്ടൽ വനപ്രദേശങ്ങൾ ഇവയെല്ലാം ഒത്തുചേർന്നതാണ് നമ്മുടെ ഉൾനാടൻ ജലസമ്പത്ത്. ഇപ്പോൾ ശരിയാണ്. അഷ്ടമുടി കായൽ മരിക്കുന്നു, വേമ്പനാട് കായൽ മരിക്കുന്നു. ശാസ്താംകോട്ട കായലിന്റെ കാര്യം ശ്രീ. കോവൂർ കുഞ്ഞുമോൻ എപ്പോഴും പറയുന്നൊരു കാര്യമാണ്, നമ്മുടെ ജലവിഭവ വകുപ്പുമന്ത്രി ഏറ്റെടുക്കുന്ന ഒരു കാര്യമാണ്. അപ്പോൾ ഈ ജല സമ്പത്തെല്ലാം അന്യം നിന്നുകൊണ്ടിരിക്കുമ്പോൾ, നശിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു നിയമനിർമ്മാണപ്രക്രിയയിലൂടെ ഒരു അതോറിറ്റി, അല്ലെങ്കിൽ ഒരു സംവിധാനം രൂപീകരിച്ചുകൊണ്ടുമാത്രമേ ഈ ജലസമ്പത്ത് സംരക്ഷിക്കാൻ കഴിയുകയുള്ളൂ.

മി. സ്പീക്കർ : ശ്രീ. എം. മുരളി, ചർച്ച അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി : സർ, ഇൻഡ്യയിൽ ഒരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്ത ആ സമ്പത്ത് നമുക്കേ സംരക്ഷിക്കാൻ കഴിയുകയുള്ളു. അതിന് ഒരു നിയമനിർമ്മാണം ഇവിടെ നടത്തേണ്ടതുണ്ട്. ഒരു ബിൽ ഇപ്പോൾ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ ആ ബിൽ എത്രയും വേഗം നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ട് അത് യാഥാർത്ഥ്യമാക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം എം. മുരളി പറഞ്ഞതാണ് ഇതിനുള്ള മറുപടിയും. ഒരു ബിൽ തന്നെ ഇപ്പോൾ ഗവൺമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതെന്താണെന്നുവച്ചാൽ 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ടിന്റെ ഭേദഗതിയാണ് ഈ ബിൽ. അതിൽ ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുന്നുണ്ട്. അത് ബഹുമാനപ്പെട്ട എം. മുരളിക്ക് തന്നെ അറിയാം. അതിപ്പോൾ നിയമ വകുപ്പ് അംഗീകരിച്ച് റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിന് വേണ്ടി വിട്ടിരിക്കുകയാണ്. വളരെ പെട്ടെന്നുതന്നെ ഇതിന്റെ പ്രാധാന്യം വച്ചുകൊണ്ട് നിയമസഭയിൽ കൊണ്ടുവരാൻ സാധിക്കും. അത് വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമായിരിക്കും. അതിന് സഹായകരമാണ് ശ്രീ. എം. മുരളിയുടെ ഈ സ്വകാര്യ ബിൽ. അതിന് അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. എം. മുരളി, അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. മുരളി : സർ, ഇല്ല. ഞാൻ പ്രമേയം പിൻവലിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എം. മുരളി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും 19-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലായ് മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-പിരിഞ്ഞു.)

****